## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ :T 2810

02.04.2013 ൽ മറുപടി
നൽകേണ്ടിയിരുന്നത്

### സമുദായസംഘടനകൾക്ക് സർക്കാർഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും സമുദായ സംഘടനകൾക്ക് സർക്കാർ ഭൂമി പതിച്ചു നൽകുകയോ പാട്ടത്തിനു നൽകുകയോ ചെയ്തിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ബി) കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ തീക്കോയി വില്ലേജിൽ ബ്ലോക്ക് നം.62-ൽ സ.നം.369-ൽപ്പെട്ട 15 ഏക്കർ സ്ഥലം S.N.D.P യൂണിയനും, മീനച്ചിൽ താലൂക്ക്, S.N ട്രസ്റ്റ് (P.B. No. 63) കൊല്ലത്തിന് 10 ഏക്കർ മിച്ചഭൂമിയും പതിച്ചു നൽകിയിട്ടുണ്ട്.<br>ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ മണക്കാട് വില്ലേജിൽ ബ്ലോക്ക് നം.10-ൽ റീ.സ.നം.143/6-ൽപ്പെട്ട 0.39.90 ഹെക്ടർ (98.59 സെന്റ്) സ്ഥലം N.S.S ഹയർ സെക്കന്ററി സ്കൂളിന് പതിച്ചു നൽകിയിട്ടുണ്ട്.<br>എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ എറണാകുളം വില്ലേജിൽ സർവ്വെ നം.1573-ൽ പ്പെട്ട 21¼ സെന്റ് സ്ഥലം കേരള ബ്രാഹ്മണ സഭയ്ക്ക് 30 വർഷത്തേയ്ക്ക് പാട്ടത്തിനു നൽകി കൊണ്ട് 30.09.11 തീയതിയിൽ സ.ഉ(M.S) നം. 356/11 റവന്യൂ പ്രകാരം സർക്കാർ ഉത്തരവായെങ്കിലും ബഹു. |

ഹൈക്കോടതിയിൽ WP(C) 28780/11 നമ്പരായി ഇത് സംബന്ധിച്ച് ഒരു കേസ് നിലനിൽക്കുന്നതിനാൽ മേൽ സർക്കാർ ഉത്തരവ് നടപ്പിലാക്കിയിട്ടില്ല.

കണ്ണൂർ ജില്ലയിൽ തളിപറമ്പ് താലൂക്കിൽ പട്ടുവം വില്ലേജിൽ ദീനസേവന സഭ എന്ന സംഘടനയ്ക്ക് അരിയിൽ ദേശത്ത് റി.സ.നം.8/1A2-ൽ, ഏക്കർ ഒന്നിന് 1000/- രൂപ വാർഷിക നിരക്കിൽ 9.80 ഏക്കർ മിച്ചഭൂമി 30 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ